പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2028 | 12/02/2013 - ൽ മറുപടിക്ക്

## മാതൃകാ മത്സ്യഗ്രാമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്:<br>,, എം.വി.ശ്രേയാംസ് കുമാർ:<br>,, റോഷി അഗസ്റ്റിൻ:<br>ഡോ. എൻ.ജയരാജ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നാണ് നിലവിൽ വന്നത്; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) സർക്കാറിന്റെ 09/06/2008-ലെ ഉത്തരവ് ജി.ഒ (എം.എസ്) നമ്പർ:35/08/മതുവ പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ രൂപീകരിക്കുകയും കമ്പനി ആക്ട് 1956 പ്രകാരം 22/12/2008-ൽ രജിസ്റ്റർ ചെയ്യുകയും കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ 01/01/2010-ൽ ആരംഭിക്കുകയും ചെയ്തു.<br><br>കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ടുകൾക്കു പുറമെ മറ്റു ദേശീയ ധന സ്രോതസ്സുകളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യവികസനം, തീരദേശ മേഖലയുടെ സമഗ്ര സാമൂഹിക സാമ്പത്തിക വികസനം എന്നിവയാണ് കോർപ്പറേഷന്റെ മുഖ്യ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) പ്രസ്തുത സ്ഥാപനം നിലവിൽ വന്നതിനുശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണന രംഗത്തെ ആധുനികവൽക്കരണം, മത്സ്യ |

ത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമ പദ്ധതി, മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽ സുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യ ബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ ജി.പി.എസ്.- വി.എച്ച്.എഫ്. സംവിധാനം, കോൾഡ് ചെയിൻ സംവിധാനം എന്നിവയാണ് പ്രധാന പദ്ധതികൾ.

(സി) മാതൃകാ മത്സ്യഗ്രാമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) മാതൃകാ മത്സ്യഗ്രാമ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 11 പ്രദേശങ്ങളിലെ 32 മത്സ്യഗ്രാമങ്ങളിൽ സമഗ്ര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഭവന നിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യമേഖലാ അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം, ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണം എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ഓരോ മത്സ്യഗ്രാമങ്ങളിലും ഒരുക്കുന്നത്.

ഇതിന്റെ ആദ്യപടിയായി ഭവന നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികൾ നടന്നു വരുന്നു.

(ഡി) മത്സ്യ വിപണനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം മുൻ നിറുത്തി പദ്ധതിക്കു രൂപം

(ഡി) മത്സ്യവിപണനം കാര്യക്ഷമമാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന

| | |
|---|---|
| **നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?** | ആധുനിക രീതിയിലുള്ള 50 മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി നിർമ്മിക്കുന്നു. ഇതുകൂടാതെ ഫ്രഷ് ഫിഷ് ടു ആൾ എന്ന പദ്ധതിയിലൂടെ തീരദേശ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് മത്സ്യവിപണനത്തിനായി ഇൻസുലേറ്റഡ് ട്രക്കുകളും ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും നൽകുന്നു.<br><br>ഇതുകൂടാതെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും, ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയും ഉറപ്പ് വരുത്തുവാൻ, മത്സ്യാധിഷ്ടിതമായി മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാറിന്റെ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ 100 ഫിഷ് കിയോസ്ക്കുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ